**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം - ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത്, ഉഴമലയ്ക്കൽ വില്ലേജിൽ - M SAND UNIT കെട്ടിടം നിർമ്മാണം - കെട്ടിടങ്ങളുടെ ലേ ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

സൂചന:- 1. ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13/04/202 0, 26/04/2022 എന്നീ തീയതികളിലെ A4/2515/2020- നമ്പർ കത്ത്.

2. ശ്രീമതി.ഷൈലാ നാസർ എന്നയാൾ 25.05.2022-ന് സമർപ്പിച്ച അപേക്ഷ.

**ഉത്തരവ് നമ്പർ TCPTVM/646/2021-D തീയതി: 16/06/2022**

ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്തിൽ ഉഴമലയ്ക്കൽ വില്ലേജിൽ റീ സർവ്വേ നമ്പർ - 231/6,236/6, 231/6-1, 232/6, 232/7, 231/8, 231/1-1, 231/1 ൽ ഉൾപ്പെട്ട ആര്യനാട് മെറ്റൽസ് ന്റെ ഉടമസ്ഥതയിൽ ഉള്ള 125.15 ആർ വസ്തുവിൽ നിലവിലുള്ള 128.25 ച.മീ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് പുറമേ 834 sq.m ച.മീ വിസ്തൃതിയിൽ ഗ്രൂപ്പ് I ഒക്യുപൻസിയിൽ ഉൾപ്പെടുന്ന M SAND UNIT ( ആകെ വിസ്തൃതി 962.25) നിർമിക്കുന്നതിനുള്ള ലേ ഔട്ട് അംഗീകാരത്തിനായി ശ്രീമതി.ഷൈലാ നാസർ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന നിബന്ധനകൾക്കു വിധേയമായി കെട്ടിടങ്ങളുടെ ലേ ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. നിർമ്മാണം കെ.പി.ബി.ആർ 2019 നും അനുബന്ധ ഭേദഗതികൾക്കും പ്രസ്തുത നിർമാണത്തിന് ബാധകമായ മറ്റ് നിയന്ത്രണങ്ങൾക്കും വിധേയമായിരിക്കണം.
2. വസ്തു സംബന്ധമായ രേഖകൾ , Lease Agreement എന്നിവ പരിശോധിച്ച് വസ്തുവിന്റെ ഉടമസ്ഥത , വസ്തുവിന്റെ സർവ്വേനമ്പർ , അതിർത്തി, അളവുകൾ , സ്ഥലവിസ്തൃതി എന്നിവ ശരിയാണെന്നും, നിലം , പുറമ്പോക്ക് ഭൂമി എന്നിവ ഉൾപ്പെട്ടിട്ടില്ല എന്നും പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്..
3. പ്രസ്തുത നിർമാണത്തിന് Pollution Control Board , Fire and Rescue Service എന്നിവരിൽ നിന്നും NOC ലഭ്യമാക്കേണ്ടതാണ്
4. പ്രധാന റോഡായ ആര്യനാട്-പറണ്ടോട് റോഡിൽ നിന്നും പ്രസ്തുത നിര്മാണത്തിലേക്കു കെ .പി.ബി.ആർ 2019 ചട്ടം 28 പ്രകാരമുള്ള 7 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡ് നിലവിലുണ്ടെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
5. പ്രധാന റോഡായ ആര്യനാട്-പറണ്ടോട് റോഡിൽ നിന്നും പ്രസ്തുത നിര്മാണത്തിലേക്കു സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന 7 മീറ്ററിൽ കുറയാത്ത വീതിയുള്ള Private റോഡ് പ്രസ്തുത നിര്മാണത്തിലേക്കുള്ള Access റോഡ് ആയി ഉപയോഗിക്കാനുള്ള അവകാശം ഉണ്ടെന്നു Lease agreement പരിശോധിച്ചു പഞ്ചായത്തു സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്

6. കെ.പി.ബി.ആർ 2019 ചട്ടം 34 പ്രകാരമുള്ള Sanitation facilities പൂർണമായി നല്കേണ്ടതാണ്.
7. കെ.പി.ബി.ആർ 2019 ചട്ടം Chapter XVI പ്രകാരമുള്ള Waste Disposal സംവിധാനങ്ങൾ പൂർണമായി നല്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**28/2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം അയയ്ക്കുന്നു.**

**Rajesh T N**
**Town Planner**

ഉള്ളടക്കം: മേൽപ്രസ്താവിതം

സ്വീകർത്താവ്: സെക്രട്ടറി
ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത്.

പകർപ്പ്:
1) അപേക്ഷകൻ,(അറിവിലേയ്ക്കായി)
Smt Shaila Nassar, Director
Al Nassar Granites (P) Ltd,
Valiyakalam, Iravoor, Aryanad,
Trivandrum.

2) കരുതൽ ഫയൽ

3) ഫയൽ.